## 15 -ാം കേരള നിയമസഭ

## 6 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 928** **29-08-2022 - ൽ മറുപടിയ്ക്ക്**

## പിന്നാക്ക വിഭാഗങ്ങൾക്ക് തദ്ദേശസ്ഥാപനങ്ങൾ വഴിയുള്ള പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മാണി. സി. കാപ്പൻ** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പിന്നാക്ക വിഭാഗങ്ങളുടെ ഉന്നമനം സാധ്യമാക്കാൻ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾവഴി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്; വിശദമാക്കാമോ; | (എ) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന കുംഭാര കോളനി അടിസ്ഥാന സൗകര്യ വികസന പദ്ധതി നടപ്പാക്കി വരുന്നു. സംസ്ഥാനത്തെ പരമ്പരാഗത കളിമൺപാത്ര നിർമ്മാണ തൊഴിലാളികൾ അധിവസിക്കുന്ന കുംഭാര കോളനികളുടെ സമഗ്ര വികസനത്തിന് വേണ്ടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണിത്. വർക്ക് ഷെഡ്, ചൂള, കമ്മ്യൂണിറ്റി ഹാൾ, റോഡ് തുടങ്ങിയവ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. സംസ്ഥാനത്ത് ആദ്യമായി തൃശ്ശൂർ ജില്ലയിലെ കൊടകര കുംഭാര കോളനിയെയാണ് ടി പദ്ധതി പ്രകാരം തെരഞ്ഞെടുത്ത് നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളത്. |
| (ബി) | പാലാ മേലുകാവ് പഞ്ചായത്തിൽ പിന്നാക്ക വിഭാഗങ്ങൾക്കായി സർക്കാർ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികൾ വിശദമാക്കാമോ; | (ബി) | പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ പദ്ധതികൾ മേലുകാവ് പഞ്ചായത്തിൽ നടപ്പിലാക്കുന്നത് സംബന്ധിച്ച ശുപാർശകൾ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്. |
| (സി) | ടി പഞ്ചായത്തിൽ പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ക്ഷേമപദ്ധതികൾ കൃത്യമായി ലഭിക്കുന്നില്ല എന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ